ഇ.എസ്7/692/2019(2)/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 24/11/2021

## നോട്ടീസ്

വിഷയം:- ആ.വ. – 31.12.2018 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ ഡോ. കിരൺ. കെ. ജി - യെ താൽക്കാലികമായി ഉൾപ്പെടുത്തിയും പ്രസ്തുത സ്ഥാനത്ത് നിലവിലുള്ള ഡോക്ടറുടെ സ്ഥാനം താൽക്കാലികമായി പുനഃക്രമീകരിച്ചുകൊണ്ടും പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്-

സൂചന :- 1. ജി.ഒ (പി) നം. 69/2010/H & FWD, തീയതി. 17.02.2010

2. ഇതേ നമ്പർ ഉത്തരവ് തീയതി. 04.05.2019

3. ഡോ. കിരൺ. കെ. ജി, പീഡിയാട്രിഷ്യൻ സമർപ്പിച്ച അപേക്ഷ, തീയതി. 06.11.2021

31.12.2018 വരെ പി. ജി. യോഗ്യത നേടിയ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രൊബേഷൻ പൂർത്തികരിച്ചിട്ടില്ലാത്തവരുടെ ലിസ്റ്റിൽ Sl. No. 37 ആയി ഉൾപ്പെട്ടിരുന്ന ഡോ. കിരൺ. കെ. ജി തന്റെ അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ പൂർത്തികരിച്ചതായി ഉത്തരവിന്റെ പകർപ്പ് സഹിതം സൂചന 3 പ്രകാരം അറിയിച്ചിരിക്കുന്നു. ടിയാന്റെ അപേക്ഷ വിശദമായി പരിശോധിച്ചതിൽ നിന്നും ഡോ. കിരൺ. കെ. ജി –യെ പ്രൊബേഷൻ പൂർത്തീകരിച്ചവരുടെ പട്ടികയിൽ റാങ്ക് നം. 5 B ആയി ഉൾപ്പെടുത്താനും നിലവിൽ ടി സ്ഥാനത്തുള്ള ഡോ. അനുജ. ജെ. യുടെ നമ്പർ താഴെ പറയുംവിധം പുനഃക്രമീകരിച്ചു നൽകുവാനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

വിശദമായി പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | പി. ജി നേടിയ തീയതി | റാങ്ക് നം | സ്ഥാനക്രമം |
|---|---|---|---|---|---|---|
| 1 | ഡോ. കിരൺ. കെ. ജി | 25.05.1988 | 11.07.2018 | 30.04.2018 | 5B | ഡോ. ആനന്ദ്.എൻ ന് താഴെയായി റാങ്ക് നം. 5A |
| 2 | ഡോ. അനുജ. ജെ | 31.05.1988 | 01.10.2018 | 30.04.2018 | 5C | ഡോ. കിരൺ. കെ. ജി. ക്ക് താഴെയായി |

മേൽ സൂചിപ്പിച്ച പ്രകാരം ക്രമ നം. 1, 2 വ്യക്തികൾക്ക് റാങ്ക് നമ്പർ നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനുള്ളിൽ രേഖാമൂലം ഉചിതമാർഗ്ഗേനയോ, ഇ-മെയിൽ (essectiondhs@gmail.com) മുഖാന്തിരമോ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നോട്ടീസിനെതിരെ ആർക്കും ആക്ഷേപമില്ല എന്ന നിഗമനത്തിൽ തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. രാജു. വി. ആർ
ആരോഗ്യവകുപ്പ് ഡയറക്ടർ (i/c)

സ്വീകർത്താവ്
വ്യക്തികൾക്ക്
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

പകർപ്പ്
1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്
   (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
   (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്